01/01/22.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ AP No. 61(6)/2021 എസ്.ഐ.സി.

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.1148/എസ്.ഐ.സി-ജി 5/2021)**

**സന്നിഹിതൻ**

**അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**തീയതി : 18.12.2021**

ശ്രീ. ലാലൻ. എൻ
കൃഷ്ണാലയം,
പാറക്കര പി.ഒ, തട്ടയിൽ,,
അടൂർ, പത്തനംതിട്ട . — അപ്പീൽ ഹർജിക്കാരൻ

Vs.

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   അഗ്രികൾച്ചറൽ ഓഫീസർ,
   കൃഷി ഭവൻ,
   പന്തളം, തെക്കേക്കര.
   പത്തനംതിട്ട.
2. അപ്പീൽ അധികാരി &
   പ്രിൻസിപ്പൽ കൃഷി ഓഫീസർ,
   പ്രിൻസിപ്പൽ കൃഷി ഓഫീസ്,
   പത്തനംതിട്ട.

— എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 17/07/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 13/10/2020 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 20/10/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 10/11/2020 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 11/01/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 21/01/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 05/02/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 09/03/2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 10/12/2021<br>PWD റസ്റ്റ് ഹൗസ്, തിരുവല്ല |
| ഹിയറിംഗിലെ സാന്നിധ്യം:<br>ഹർജിക്കാരൻ<br>ഒന്നാം എതിർകക്ഷി | <br>ഹാജരായി<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. ലാലൻ. എൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്കും ഒന്നാം അപ്പീലപേക്ഷയ്ക്കും ലഭ്യമായ മറുപടികൾ തൃപ്തികരമല്ലായിരുന്നെന്നും ആയതിനാൽ ടിയാന്റെ അപേക്ഷയ്ക്ക് വിവരം ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്നുമാണ്.

2. ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, പ്രിൻസിപ്പൽ കൃഷി ഓഫീസർ 08.05.2019 ൽ കൃഷി ഡയറക്ടർക്ക് അയച്ച കത്തിനെ ആസ്പദമാക്കി താഴെ പറയുന്ന വിവരങ്ങളാണ്.

1) ഹരിയാലി പദ്ധതി പ്രകാരം തോടുപണി നടത്തിയപ്പോഴാണ് 08.05.2019 ലെ കത്തിൽ പറയുന്ന വൃക്ഷങ്ങൾ നശിപ്പിച്ചതെന്നും ഹരിയാലി പദ്ധതി നടപ്പിലാക്കിയത് തൊഴിൽ രഹിതർക്ക് തൊഴിൽ നൽകുന്നതിനായിരുന്നോ എന്നും JCB യ്ക്ക് തൊഴിലവസരം സൃഷ്ടിക്കുന്നതിനായിരുന്നോ എന്നും

2) ലിസ്റ്റിൽ പറയുന്ന ഹർജിക്കാരന്റെ വൃക്ഷങ്ങൾ നശിപ്പിച്ചത് മനുഷ്യ പ്രയത്നം കൊണ്ടാണോ, JCB കൊണ്ടാണോ എന്നും

3) മനുഷ്യ പ്രയത്നാത്താലാണെങ്കിൽ എത്ര ആളുകൾ എത്ര ദിവസം കൊണ്ടാണ് ലിസ്റ്റിൽ പറഞ്ഞിട്ടുള്ള വൃക്ഷങ്ങൾ അത്രയും നശിപ്പിച്ചതെന്നും ആയതിന്റെ രേഖകളും എന്നിങ്ങനെ 5 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 13.10.2020 ൽ മറുപടി നൽകിയിരിക്കുന്നതായി കാണുന്നു. ടി മറുപടി തൃപ്തികരമല്ലാത്തതിനാൽ ടിയാൻ 20.10.2020 ൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിച്ചിട്ടുള്ളതും ആയതിന് 10.11.2020 ൽ മറുപടി നൽകിയിരിക്കുന്നതായും കാണുന്നു.

4. രണ്ടാം എതിർകക്ഷി 01.03.2021 തീയതി വച്ച് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ ഹർജിക്കാരന്റെ അപ്പീലപേക്ഷയിലെ ചോദ്യങ്ങൾക്ക് മറുപടി നൽകിയിരിക്കുന്നതായി കാണുന്നു. ഹരിയാലി പദ്ധതി പ്രകാരം പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിൽ 2009 ൽ നടത്തിയ കണ്ണാടി വയൽ തോട് നവീ

RIGHT TO INFORMATION

കരണ പദ്ധതി പ്രകാരം തോടിന്റെ വീതി കൂട്ടുന്ന നവീകരണ പ്രവർത്തനങ്ങളിൽ ഹരജിക്കാരന്റെ തോടിന്റെ വശങ്ങളിൽ നിന്ന വൃക്ഷങ്ങൾ നശിപ്പിച്ചതിന്റെ നഷ്ടപരിഹാരത്തിനുള്ള ആവശ്യത്തിലേക്കാണ് ടിയാൻ 2009 കാലയളവുമുതൽ അപേക്ഷ നൽകി വരുന്നതെന്നും ഇതേ ആവശ്യത്തിലേക്കായി 37 ഓളം വിവരാവകാശ അപേക്ഷകൾ ടിയാൻ എതിർകക്ഷി ഓഫീസിലേക്ക് നൽകിയിട്ടുണ്ടെന്നും ബഹു. വിവരാവകാശ കമ്മീഷന്റെ 25.07.2019 ലെ ഉത്തരവ് പ്രകാരം അപേക്ഷകന്റെ ചോദ്യങ്ങൾക്ക് ആവശ്യമായ മറുപടി എല്ലാം തന്നെ നൽകിയിട്ടുള്ളതാണെന്നും നഷ്ട പരിഹാരം ലഭിക്കുന്നതിന് സോയിൽ സർവ്വേ ഡയറക്ടർ ഓഫീസുമായി ബന്ധപ്പെട്ട് പരിഹാരം തേടേണ്ടതാണെന്ന് ഉത്തരവായിട്ടുള്ളതാണെന്നും എന്നാൽ ഇതിനു ശേഷവും നിരവധി വിവരാവകാശ അപേക്ഷകൾ ടി ആവശ്യത്തിലേക്ക് ടിയാൻ നൽകിയിട്ടുള്ളതാണെന്നും ഏറ്റവും അവസാനമായി ടിയാൻ നൽകിയ അപേക്ഷയുടെ അപ്പീൽ ഹർജി A.P. No. 2228(4)/2019/SIC പ്രകാരം അപ്പീൽ ഹർജിക്കാരൻ ടിയാളുടെ ഭൂമി നഷ്ടപ്പെട്ടതു സംബന്ധിച്ച പരാതി പരിഹാരിക്കുന്നതിനാണ് അപേക്ഷയിലൂടെ ശ്രമിക്കുന്നത് എന്ന് വിവരാവകാശ കമ്മീഷന് ബോധ്യപ്പെട്ടിട്ടുള്ളതാണെന്നും പരാതി പരിഹാരം കമ്മീഷന്റെ അധികാര പരിധിയിൽപെടുന്ന കാര്യമല്ലാത്തതുകൊണ്ട് ഇക്കാര്യത്തിൽ കമ്മീഷന് ഇടപെടാൻ കഴിയില്ല എന്നതിന്റെ അടിസ്ഥാനത്തിൽ ടി അപ്പീൽ 28.09.2020 ൽ തുടർ നടപടി അവസാനിപ്പിച്ച് കമ്മീഷൻ ഉത്തരവായിട്ടുള്ളതാണെന്നും വിവരാവകാശ നിയമ പ്രകാരം ടിയാൻ ആവശ്യപ്പെട്ട വിവരങ്ങളും രേഖകളും അപേക്ഷകന് നൽകിയിട്ടുള്ളതുമാണെന്നാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്ക്കും എതിർകക്ഷികൾ മറുപടി നൽകിയിരിക്കുന്നതായി കാണുന്നു. 10.12.2021 ൽ കമ്മീഷൻ തിരുവല്ല റസ്റ്റ് ഹൗസിൽ വച്ച് നടത്തിയ ഹിയറിംഗിൽ ഇരു കക്ഷികളും ഹാജരായി മൊഴി നൽകിയിട്ടുള്ളതാണ്. രണ്ടാം എതിർകക്ഷി 01.03.2021 തീയതി വച്ച് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ ടിയാൻ ടി വിഷയത്തിൽ നിരവധി വിവരാവകാശ അപേക്ഷകൾ എതിർകക്ഷി ഓഫീസിൽ തന്നെ നൽകിയിട്ടുള്ളതായി പ്രസ്താവിച്ചിരിക്കുന്നു. ആയതിനെല്ലാം മറുപടി നൽകിയിട്ടുള്ളതായും റിപ്പോർട്ടിൽ പറയുന്നു. ഹർജിക്കാരന് നഷ്ടപരിഹാര തുക നൽകുന്നതിന് തഹ

സീൽദാർ, ജില്ലാ കളക്ടർ, താലൂക്ക് സർവ്വെയർ, വിവരാവകാശ കമ്മീഷണർ, പ്രിൻസിപ്പൽ കൃഷി ഓഫീസർ എന്നിവർ ഉത്തരവിട്ടിട്ടുള്ളതാണെന്നും ആയതിന്റെ പകർപ്പുകൾ കമ്മീഷൻ മുമ്പാകെ സമർപ്പിക്കുന്നതായും ആണ് ഹിയറിംഗ് വേളയിൽ ഹർജിക്കാരൻ പറഞ്ഞിട്ടുള്ളത്. (1) Hon'ble Ombudsman for Local Self Government Institutions, Justice M.N. Krishnan 2011 July 7 ന് നൽകിയ ഉത്തരവ് (2) 03.11.2013 ലെ അടൂർ താലൂക്ക് തഹസീൽദാർ പത്തനംതിട്ട ജില്ലാ കളക്ടർക്കു നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് (3) പത്തനംതിട്ട ജില്ലാ കളക്ടർ 04.01.2013 ൽ കൃഷി ഡയറക്ടർക്ക് നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് (4) 2014 ഫെബ്രുവരി 3 ന് സംസ്ഥാന മുഖ്യ വിവരാവകാശ കമ്മീഷണറായിരുന്ന ഡോ. സിബി മാത്യൂസ് A.P. 915(1) 2012/SIC ൽ നൽകിയ ഉത്തരവിന്റെ പകർപ്പ് (5) പന്തളം തെക്കേക്കര കൃഷി ഓഫീസറുടെ 103 മരങ്ങൾ ഉണ്ടായിരുന്നു എന്നുള്ള റിപ്പോർട്ടിന്റെ പകർപ്പിന്റെ ഭാഗം തുടങ്ങിയ രേഖകൾ ടിയാൻ ഹാജരാക്കി കാണുന്നു.

6. പ്രശ്ന പരിഹാരം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ല എങ്കിലും ഒരു സാധാരണക്കാരന്റെ ന്യായമായ അവകാശത്തിൽ ബന്ധപ്പെട്ട അധികാര കേന്ദ്രങ്ങളുടെ എല്ലാം നിർദ്ദേശങ്ങളും ഉത്തരവുകളും ഉണ്ടായിട്ടും നീതി ലഭിക്കാതിരിക്കുന്നത് അനീതിയാണ് എന്ന് പറയാതിരിക്കുവാൻ കമ്മീഷന് കഴിയുന്നില്ല. ഉത്തരവിന്റെ പകർപ്പ് കമ്മീഷൻ സെക്രട്ടറി സംസ്ഥാന കൃഷി ഡയറക്ടർക്കും കൃഷി വകുപ്പ് സെക്രട്ടറിക്കും അയച്ചു നൽകി ആവശ്യമായ ന്യായമായ പരിഹാരം കണ്ടെത്തുവാൻ നിർദ്ദേശിച്ചുകൊണ്ട് അപ്പീൽ ഹർജി തീർപ്പാക്കി കമ്മീഷൻ ഉത്തരവാകുന്നു.

7. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഈ അപ്പീൽ ഹർജി കമ്മീഷൻ ഇന്നേ ദിവസം 2021 ഡിസംബർ മാസം 18-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)

**അഡ്വ. എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

vkm

RIGHT TO INFORMATION